LIBRARY ARCHIVES Kerala Legislative Assembly

ഗോത്രജ്യോതി പദ്ധതി

189 (4771) ശ്രീ. എ. കെ. ബാലൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പട്ടികവർഗ്ഗക്ഷേമവും യുവജനകാര്യവും കായികബാഗ്ലാവുകളും മൃഗശാലകളും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) ഗോത്രജ്യോതി പദ്ധതിക്കായി ബഡ്ജറ്റിൽ വകയിരുത്തിയിരുന്ന തുകയിൽ എത്ര രൂപയാണ് ഓരോ വർഷവും ചെലവഴിച്ചത് ;

(ബി) പ്രസ്തുത പദ്ധതി നടപ്പാക്കിയതിനെ തുടർന്ന് ഈ വർഷം എത്ര കുട്ടികളെ സ്കൂളിലെത്തിച്ചു ; ഏതെല്ലാം പട്ടികവർഗ്ഗ കോളനികളിൽ നിന്നാണ് കുട്ടികളെ സ്കൂളിലെത്തിച്ചത് ?

ഉത്തരം

(എ) സംസ്ഥാന സർക്കാരിന്റെ ആഭിമുഖ്യത്തൽ ഗോത്രജ്യോതി പദ്ധതി നടപ്പിലാക്കുന്നില്ല. തമിഴ്നാട്ടിലെ ശ്രീപെരുമ്പത്തൂരിൽ പ്രവർത്തിക്കുന്ന ഡീംഡ് യൂണിവേഴ്സിറ്റിയായ രാജീവ്ഗാന്ധി നാഷണൽ ഇൻസ്റ്റിറ്റ്യൂട്ട് ഫോർ ഡെവലപ്മെന്റിന്റെ സാമ്പത്തിക സഹായത്തോടെ 12,60,000 രൂപ ചെലവിൽ സംസ്ഥാനത്തെ പട്ടികവർഗ്ഗ യുവതീ-യുവാക്കൾക്ക് തൊഴിൽ സംരംഭത്തിന് മാർഗ്ഗ നിർദ്ദേശം നൽകുക എന്ന ലക്ഷ്യത്തോടെയാണ് ഗോത്രജ്യോതി പദ്ധതി 2013-14 വർഷം സംഘടിപ്പിച്ചത്. ഇതിൽ സംസ്ഥാന സർക്കാരിന്റെ വിഹിതമായി 9,18,000 രൂപ അനുവദിച്ചിരുന്നു. അനുവദിച്ച മൊത്തം തുകയിൽ ആകെ 21,26,222 രൂപ ചെലവാക്കിയിട്ടുണ്ട്. 2013-14 സാമ്പത്തിക വർഷത്തിനു ശേഷം ടി സ്ഥാപനത്തിൽ നിന്നും സാമ്പത്തിക സഹായം ലഭിച്ചിട്ടില്ലാത്തതിനാൽ പദ്ധതി നടപ്പിലാക്കിയിട്ടില്ല.

(ബി) ഗോത്രജ്യോതി പദ്ധതി പട്ടികവർഗ്ഗ യുവതീ യുവാക്കൾക്ക് തൊഴിൽ സംരംഭത്തിനുള്ള മാർഗ്ഗനിർദ്ദേശം നൽകുന്നതിന് മാത്രമാണ് നടപ്പിലാക്കിയത്. പട്ടികവർഗ്ഗ വിദ്യാർത്ഥികളെ സ്കൂളിൽ വാഹനത്തിൽ എത്തിക്കുന്ന പദ്ധതിയുടെ പേര് ഗോത്രസാരഥി എന്നാണ്.

അതിരപ്പിള്ളി കാടർ വിഭാഗത്തിൽപ്പെട്ടവരുടെ ക്ഷേമം

190 (4772) ശ്രീ. ബി. ഡി. ദേവസ്സി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പട്ടികവർഗ്ഗക്ഷേമവും യുവജനകാര്യവും കായികബാഗ്ലാവുകളും മൃഗശാലകളും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) പ്രാക്തന ഗോത്രവർഗ്ഗ വിഭാഗത്തിൽപ്പെട്ടവരുടെ ക്ഷേമത്തിനായി രൂപീകരിച്ചിട്ടുള്ള പദ്ധതി പ്രകാരം അതിരപ്പിള്ളി പഞ്ചായത്തിലെ ആദിവാസി മേഖലയിലെ കാടർ വിഭാഗത്തിൽപ്പെട്ടവരുടെ പുരോഗതിക്കായി നടത്തുന്ന പ്രവർത്തനങ്ങൾ ഏതെല്ലാമാണ് ;

(ബി) പദ്ധതിയുടെ വിശദവിവരങ്ങളും, പ്രവർത്തനം ഏത് ഘട്ടത്തിലാണെന്നും വിശദമാക്കാമോ ;

(സി) പ്രസ്തുത പദ്ധതിയുടെ നടത്തിപ്പിൽ യാതൊരു സുതാര്യതയും ഇല്ലായെന്നും വലിയ അഴിമതിയാണ് ഇതിന്റെ പിന്നിലുള്ളതെന്നുമുള്ള ആക്ഷേപം ശ്രദ്ധയിൽപെട്ടിട്ടുണ്ടോ ; ഇതനുസരിച്ച് അഴിമതി ഒഴിവാക്കി പദ്ധതി സുതാര്യമായി നടപ്പാക്കാൻ നടപടി സ്വീകരിക്കുമോ ?

(എ) അതിരപ്പിള്ളി പഞ്ചായത്തിലെ കാടർ വിഭാഗക്കാർക്കായി പി.വി.ടി.ജി. പദ്ധതി പ്രകാരം ചുവടെ പറയുന്ന പദ്ധതികൾ നടപ്പിലാക്കിയിട്ടുണ്ട് :

1. ഭവനനിർമ്മാണം - 104 എണ്ണം
2. വൈദ്യുതീകരണം - 2 കോളനികൾ (വാച്ചുമരം, മുക്കുംപുഴ)
3. മണ്ണ്/ജല സംരക്ഷണം - 3 കോളനികൾ (പെരുമ്പാറ, ഷോളയാർ, ആനക്കയം)
4. പോഷകാഹാര വിതരണ പദ്ധതി - (ഒരു തവണ, 360 കുടുംബങ്ങൾ)
5. മൊബൈൽ മെഡിക്കൽ യൂണിറ്റ് - 1 (പ്രതിമാസം 2 തവണ)

(ബി) ഭവനനിർമ്മാണം :

104 വീടുകളാണ് അതിരപ്പിള്ളി പഞ്ചായത്തിലെ എട്ട്(8) കോളനികളിലായി അനുവദിച്ചിട്ടുള്ളത്. വീട് ഒന്നിന് 3.5 ലക്ഷം രൂപയാണ് നൽകുന്നത്. ഭവനനിർമ്മാണം ഗുണഭോക്താക്കൾ നേരിട്ടാണ് നടത്തിവരുന്നത്. 81 വീടുകളുടെ വാർക്കൽ പൂർത്തീകരിച്ചിട്ടുണ്ട്. ശേഷിക്കുന്ന വീടുകളുടെ നിർമ്മാണം നടന്നു വരുന്നു. മാസംതോറും ഗുണഭോക്തൃ യോഗങ്ങൾ കൂടി പദ്ധതി പുരോഗതി വിലയിരുത്തുന്നു.

വൈദ്യുതീകരണം, മണ്ണ്/ജലസംരക്ഷണം എന്നീ പദ്ധതികൾ പൂർത്തീകരിച്ചിട്ടുണ്ട്. പ്രത്യേക പോഷകാഹാര വിതരണം, മൊബൈൽ മെഡിക്കൽ യൂണിറ്റ് എന്നിവയുടെ പ്രവർത്തനം കൃത്യമായ രീതിയിൽ നടപ്പിലാക്കിവരുന്നു. ഭവന നിർമ്മാണ പദ്ധതി 2015 ഡിസംബർ 31-നകം പൂർത്തീകരിക്കുന്നതിന് വേണ്ട നടപടികൾ സ്വീകരിച്ചുവരുന്നുണ്ട്.

(സി) ഇല്ല. പദ്ധതിയുടെ പ്രവർത്തനം സുതാര്യമായിട്ടാണ് നടത്തി വരുന്നത്. ജില്ലാ കളക്ടർ ചെയർമാനായ പി.വി.ടി.ജി മോണിറ്ററിംഗ് കമ്മിറ്റി രൂപീകരിച്ച് പദ്ധതി പ്രവർത്തനവും പുരോഗതിയും വിലയിരുത്തി വരുന്നുണ്ട്. ഗുണഭോക്താക്കൾ നേരിട്ടാണ് പദ്ധതി നടപ്പിലാക്കുന്നത്.

LIBRARY ARCHIVES Kerala Legislative Assembly